എ.വൈ.ആര്‍

ശൈശവനാളില്‍ പുഴയിലൊഴുക്കപ്പെട്ടതുകൊണ്ടാണല്ലോ ഞാന്‍ നിങ്ങളുടെ വസതിയില്‍ വളരാനിടയായത്. അങ്ങനെ ഒഴുക്കപ്പെട്ടിരുന്നില്ലെങ്കില്‍ നിങ്ങള്‍ നിഷ്ഠുരമായി കൊന്നുകളഞ്ഞ ആയിരക്കണക്കിന് കുഞ്ഞുങ്ങളില്‍ ഞാനും പെടുമായിരുന്നില്ലേ? ജനിച്ച വീട്ടില്‍ മാതാവിന്റെ മടിത്തട്ടില്‍ ജീവിക്കാന്‍ നിങ്ങളെന്നെ അനുവദിക്കുമായിരുന്നുവോ? ഇസ്‌റാഈല്യരിലെ നവജാതശിശുക്കളെ മുഴുവന്‍ കൊന്നൊടുക്കിക്കൊണ്ടിരുന്നപ്പോള്‍ അതിലൊരു കുട്ടിയെ കൊന്നില്ല എന്നതാണ് നിങ്ങള്‍ ഘോഷിക്കുന്ന ഔദാര്യം.



قَالَ كَلَّا ۖ فَاذْهَبَا بِآيَاتِنَا ۖ إِنَّا مَعَكُم مُّسْتَمِعُونَ ﴿١٥﴾

15. അല്ലാഹു അരുള്‍ ചെയ്തു: ഒരിക്കലുമില്ല. ഇരുവരും നമ്മുടെ ദൃഷ്ടാന്തങ്ങളുമായി പൊയ്‌ക്കൊള്ളുക. എല്ലാം കേട്ടുകൊണ്ട് നാം നിങ്ങളോടൊപ്പമുണ്ട്.

فَأْتِيَا فِرْعَوْنَ فَقُولَا إِنَّا رَسُولُ رَبِّ الْعَالَمِينَ ﴿١٦﴾

16. ഇരുവരും ഫറവോന്റെ അടുക്കല്‍ ചെന്നു പ്രസ്താവിക്കുവിന്‍. ഞങ്ങള്‍ അഖിലാണ്ഡ വിധാതാവിന്റെ ദൂതന്മാരാകുന്നു.

أَنْ أَرْسِلْ مَعَنَا بَنِي إِسْرَائِيلَ ﴿١٧﴾

17. നീ ഇസ്‌റാഈല്‍ വംശത്തെ ഞങ്ങളോടൊപ്പം വിട്ടയക്കണം എന്നു കല്‍പ്പിക്കാന്‍ അവന്‍ ഞങ്ങളെ അയച്ചിരിക്കുന്നു.

**15–17**

قَالَ = അവന്‍ (അല്ലാഹു) അരുള്‍ ചെയ്തു   كَلَّا = ഒരിക്കലുമില്ല   فَاذْهَبَا = ഇരുവരും പൊയ്‌ക്കൊള്ളുക

بِآيَاتِنَا = നമ്മുടെ ദൃഷ്ടാന്തങ്ങളുമായി   إِنَّا مَعَكُم = നാം നിങ്ങളോടൊപ്പമുണ്ട്

مُّسْتَمِعُونَ = കേള്‍ക്കുന്നവരായി (എല്ലാം കേട്ടുകൊണ്ട്)

فَأْتِيَا فِرْعَوْنَ = ഇരുവരും ഫറവോന്റെ അടുക്കല്‍ ചെല്ലുക (ചെന്ന്)   فَقُولَا = എന്നിട്ട് ഇരുവരും പ്രസ്താവിക്കുവിന്‍

إِنَّا رَسُولُ رَبِّ الْعَالَمِينَ = ഞങ്ങള്‍ അഖിലാണ്ഡ വിധാതാവിന്റെ ദൂതന്മാരാകുന്നു

أَنْ أَرْسِلْ مَعَنَا بَنِي إِسْرَائِيلَ = നീ ഇസ്‌റാഈല്‍ വംശത്തെ ഞങ്ങളോടൊപ്പം അയക്കണം

എന്ന് (കല്‍പ്പിക്കാന്‍ അവന്‍ ഞങ്ങളെ അയച്ചിരിക്കുന്നു)

മൂസാ നബിയുടെ ഭയാശങ്കകളെ നിശ്ശേഷം തുടച്ചുനീക്കുകയാണ് അല്ലാഹു كَلَّا എന്ന വാക്കിലൂടെ. ഇവിടെ ഈ പദം നേരിട്ടു ബന്ധപ്പെട്ടിരിക്കുന്നത് മുന്‍ സൂക്തത്തിലെ فَأَخَافُ أَن يَقْتُلُونِ എന്ന വാക്യവുമായി മാത്രമാകുന്നു. ജനം തന്നെ തള്ളിപ്പറയുന്നതിനെയോ അദ്ദേഹത്തിന്റെ വാചാലതയില്ലായ്മയോ സഹോദരനെ സഹപ്രവാചകനാക്കണമെന്ന ആവശ്യത്തെയോ അല്ല അല്ലാഹു നിഷേധിക്കുന്നത്. അവര്‍ കൊന്നുകളയുമെന്ന ഭയത്തെ മാത്രമാണ്. അനന്തരം സഹോദരനെ സഹപ്രവാചകനാക്കണമെന്നതടക്കമുള്ള മൂസാ നബിയുടെ ആവശ്യങ്ങള്‍ അല്ലാഹു സ്വീകരിച്ചു. സൂറ *ത്വാഹാ*യിലെ قَدْ أُوتِيتَ سُؤْلَكَ يَا مُوسَىٰ (മൂസാ, നീ ആവശ്യപ്പെട്ടതെല്ലാം നല്‍കപ്പെട്ടുകഴിഞ്ഞിരിക്കുന്നു–20:36) എന്ന പ്രസ്താവനയില്‍നിന്ന് അതു വ്യക്തമാകുന്നു. തുടര്‍ന്ന് രണ്ടു പേരോടും കല്‍പ്പിക്കുകയാണ്; ഇനി ഇരുവരും ഫറവോന്റെ മുന്നില്‍ ചെല്ലുക. ക്രൂരനും സ്വേഛാധിപതിയുമായ ഫറവോന്റെ മുന്നിലേക്ക് പോകുന്നത് തനിച്ചാണെന്ന് കരുതി പരിഭ്രമിക്കേണ്ട. ഞാന്‍ നിങ്ങളോടൊപ്പമുണ്ട്. നിങ്ങളുടെ സത്യപ്രഘോഷണവും ഫറവോന്റെ പ്രതികരണവുമെല്ലാം ഞാന്‍ ശ്രദ്ധിച്ചുകേള്‍ക്കുന്നുണ്ടെന്ന് ഉറപ്പിച്ചുകൊള്ളുക. إِنَّنِي مَعَكُمَا أَسْمَعُ وَأَرَىٰ (എല്ലാം കേട്ടു

കൊണ്ടും കണ്ടുകൊണ്ടും ഞാൻ നിങ്ങളോടൊപ്പമുണ്ട്) എന്നാണ് *ത്വാഹാ* 46-ൽ പറയുന്നത്. ദൈവിക ദൃഷ്ടാന്തങ്ങളുമായിട്ടാണ് പോകാൻ പറയുന്നത്. സൂറ *ത്വാഹാ*യിൽ വ്യക്തമാക്കിയിട്ടുള്ള, നിലത്തിടുമ്പോൾ സർപ്പമായി മാറുന്ന വടിയും കക്ഷത്തു വെക്കുമ്പോൾ വെളുത്തു ശോഭിക്കുന്ന കൈയുമായിരുന്നു അപ്പോൾ നൽകപ്പെട്ടിരുന്ന ദൃഷ്ടാന്തങ്ങൾ. അവയുടെ സാന്നിധ്യം തന്നെ അല്ലാഹുവിന്റെ സാന്നിധ്യത്തിന്റെ അടയാളമാകുന്നു. ഇസ്റാഈലീ പ്രവാചകനായ മൂസാ(അ)യോട് ദൈവിക സന്ദേശം ഇസ്രാഈലികൾക്കു മുമ്പ് ഫറവോന്നും ഫറവോനികൾക്കും സമർപ്പിക്കാൻ കൽപിച്ചതിൽ വ്യക്തമായ രാഷ്ട്രീയ മാനമുണ്ട്. സൂറ *അൽ അഅ്റാഫ്* 103-108, *ത്വാഹാ* 24 സൂക്തങ്ങൾക്കു താഴെ *ഖുർആൻ ബോധനം* ഈ വിഷയം ചർച്ചചെയ്തിരിക്കുന്നു.

ഇരുവരും ഫറവോന്റെ മുമ്പിൽ ചെന്ന് ഞങ്ങൾ അഖിലാണ്ഡ നാഥന്റെ ദൂതരാണെന്നും ഇസ്റാഈല്യരെ തങ്ങളോടൊപ്പം വിട്ടയക്കണമെന്നും ആവശ്യപ്പെടണമെന്നാണ് ഇവിടെ പറയുന്നത്. എന്നാൽ അതിനു മുമ്പ് ഫറവോന്ന് ദൈവഭക്തിയും സന്മാർഗവും ഉപദേശിക്കാൻ കൽപ്പിച്ചതായി സൂറ *ത്വാഹാ*യിൽ കാണാം:

اذْهَبَا إِلَىٰ فِرْعَوْنَ إِنَّهُ طَغَىٰ ﴿٤٣﴾ فَقُولَا لَهُ قَوْلًا لَّيِّنًا لَّعَلَّهُ يَتَذَكَّرُ أَوْ يَخْشَىٰ ﴿٤٤﴾

(ഇരുവരും ഫറവോനിലേക്ക് പോകുവിൻ. അവൻ പരമധിക്കാരിയായിരിക്കുന്നു. അവനോട് സൗമ്യമായി സംസാരിക്കണം. അവൻ ഉദ്ബോധനം കൈക്കൊള്ളുകയും ദൈവത്തെ പേടിക്കുകയും ചെയ്തെങ്കിലോ?-20:43,44). മൂസാ നബിയോട് ആദ്യം കൽപിക്കുന്നതായി മറ്റൊരിടത്ത് പറയുന്നതിങ്ങനെയാണ്:

اذْهَبْ إِلَىٰ فِرْعَوْنَ إِنَّهُ طَغَىٰ ﴿١٧﴾ فَقُلْ هَل لَّكَ إِلَىٰ أَن تَزَكَّىٰ ﴿١٨﴾ وَأَهْدِيَكَ إِلَىٰ رَبِّكَ فَتَخْشَىٰ ﴿١٩﴾

(ഫറവോന്റെ അടുത്തേക്ക് പോവുക. അവൻ പരമ ധിക്കാരിയായിരിക്കുന്നു. അവനോട് പറയുക: നീ സംസ്കാരം സ്വീകരിക്കാൻ സന്നദ്ധനാകുമോ? ഞാൻ നിനക്ക് വിധാതാവിലേക്കുള്ള വഴി കാണിച്ചുതരാം. അതുവഴി നിനക്ക് ദൈവഭയമുള്ളവനാകാം-79:17-19). ഈ പ്രാഥമിക പ്രബോധനമാണ് ഇവിടെ പതിനൊന്നാം സൂക്തത്തിൽ أَلَا يَتَّقُونَ എന്ന വാക്യത്തിലൂടെ സൂചിപ്പിച്ചത്. ഈ പ്രബോധനം സ്വീകരിക്കുകയാണെങ്കിൽ ഫറവോൻ സ്വേഛാധികാര പ്രമത്തതയിൽനിന്നും തജ്ജന്യമായ അധർമങ്ങളിൽനിന്നും അതിക്രമങ്ങളിൽനിന്നും പിന്മാറിക്കൊള്ളും. പിന്നെ ഇസ്റാഈല്യരുടെ മോചനം ഒരു പ്രശ്നമല്ലാതാകുന്നു. അവർക്കു വേണമെങ്കിൽ ഈജിപ്തിൽതന്നെ സ്വതന്ത്ര പൗരന്മാരായി വാഴാം. അല്ലെങ്കിൽ തങ്ങളുടെ കുലപതിയായ യഅ്ഖൂബ് (അ) പാർത്തിരുന്ന ഫലസ്ത്വീൻ പ്രദേശത്തേക്കോ മറ്റു ഭൂപ്രദേശങ്ങളിലേക്കോ കുടിയേറാം.

ഈ പ്രവാചക സന്ദേശം സ്വീകരിക്കാതെ ഫറവോൻ ധിക്കാരപരമായ നിലപാട് തുടരുകയാണെങ്കിൽ പിന്നെ നിയുക്ത ദൈവദൂതന്മാർക്ക് ആവശ്യപ്പെടാനുള്ളത്, മർദിതരായ ഇസ്റാഈൽ ജനതയെ തങ്ങളോടൊപ്പം വിട്ടയക്കണമെന്നാണ്. അവരെ ഞങ്ങൾ അവരുടെ മതധർമങ്ങൾ പാലിച്ച് സമാധാനപൂർവം ജീവിക്കാൻ സാധ്യമാകുന്ന മറ്റേതെങ്കിലും നാട്ടിൽ കൊണ്ടുപോയി പാർപ്പിച്ചുകൊള്ളാം. أَرْسِلْ مَعَنَا എന്ന മൂലവാക്യത്തിന് ഞങ്ങളൊടൊപ്പം അയക്കുക, നിയോഗിക്കുക, പറഞ്ഞയക്കുക, സ്വതന്ത്രമായി വിട്ടയക്കുക എന്നൊക്കെ അർഥമാകാം. ഇവിടെ ഉദ്ദേശിച്ചത് വിട്ടയക്കുക എന്ന ആശയമാണ്. പ്രവാചകന്മാരുടെ മനസ്സിലിരിപ്പ് ഇസ്റാഈല്യരെ സ്വതന്ത്രരാക്കി ഫലസ്തീനിലേക്ക് കൊണ്ടുപോവുകയായിരുന്നു. അതു തുറന്നുപറഞ്ഞാൽ ഒരിക്കലും അനുവദിക്കപ്പെടുമായിരുന്നില്ല. അതുകൊണ്ട് മരുഭൂമിയിൽ മൂന്നു ദിവസത്തെ വഴിദൂരം സഞ്ചരിച്ച് ഒരിടത്തെത്തി ചില മതാനുഷ്ഠാനങ്ങൾ നടത്താനുള്ള അനുവാദമാണ് അദ്ദേഹം ആവശ്യപ്പെട്ടതെന്നാണ് ബൈബിൾ പറയുന്നത്. കൂടുതൽ വിശദീകരണത്തിന് *ഖുർആൻ ബോധനം* സൂറ *അൽ അഅ്റാഫ്* 103-108, *ത്വാഹാ* 47,48 സൂക്തങ്ങൾക്കു താഴെ നോക്കുക.

ഈ സൂക്തത്തിലെ إِنَّا رَسُولُ رَبِّ الْعَالَمِينَ എന്ന വാക്യവും *ത്വാഹാ*യിലെ إِنَّا رَسُولَا رَبِّكَ എന്ന വാക്യവും ഹാറൂൻ (അ) മൂസാ നബിയുടെ സഹപ്രവാചകൻ തന്നെ ആയിരുന്നുവെന്ന ആശയത്തെ ബലപ്പെടുത്തുന്നു. ■

---

قَالَ أَلَمْ نُرَبِّكَ فِينَا وَلِيدًا وَلَبِثْتَ فِينَا مِنْ عُمُرِكَ سِنِينَ ﴿١٨﴾

18. ഫറവോൻ ചോദിച്ചു: ശിശുവായിരുന്നപ്പോൾ നിന്നെ ഞങ്ങൾ ഞങ്ങളുടെ വസതിയിൽ വളർത്തിയില്ലയോ? നിന്റെ ആയുസ്സിൽ പല വർഷങ്ങൾ നീ ഞങ്ങളുടെ വസതിയിൽ പാർത്തിട്ടുണ്ട്.

وَفَعَلْتَ فَعْلَتَكَ الَّتِي فَعَلْتَ وَأَنتَ مِنَ الْكَافِرِينَ ﴿١٩﴾

19. പിന്നെ നീ ചെയ്ത, നിന്റെ കൊടുംപാതകം ചെയ്തിട്ടുമുണ്ട്. നീ തീരെ നന്ദികെട്ടവൻ തന്നെ.

**18-19**

قَالَ = അവൻ പറഞ്ഞു (ഫറവോൻ ചോദിച്ചു)

أَلَمْ نُرَبِّكَ فِينَا وَلِيدًا = ശിശുവായിരിക്കെ ഞങ്ങൾ നിന്നെ ഞങ്ങളി(ളുടെ വസതിയി)ൽ വളർത്തിയല്ലയോ?

وَلَبِثْتَ فِينَا = നീ ഞങ്ങളി(ളുടെ വസതിയി)ൽ പാർത്തിട്ടുണ്ട്  مِنْ عُمُرِكَ = നിന്റെ ആയുസ്സിൽനിന്ന്

സ്നീന് = പല വർഷങ്ങൾ وَفَعَلْتَ = നീ ചെയ്തു(തിട്ടുണ്ട്) فَعْلَتَكَ = നിന്റെ ചെയ്തി (കൊടും പാതകം)
الَّتِي فَعَلْتَ = നീ ചെയ്തതായ وَأَنْتَ = തീർച്ചയായും നീ مِنَ الْكَافِرِينَ = (തീരെ) നന്ദികെട്ടവരിൽപെട്ടവൻ (തന്നെ)

മൂസായും ഹാറൂനും അല്ലാഹു കൽപ്പിച്ച പ്രകാരം ഫറവോന്റെ സന്നിധിയിൽ ചെല്ലുകയും അയാളെയും രാജസഭയെയും ദൈവഭക്തിയിലേക്കും ധർമശാസനകളിലേക്കും ക്ഷണിക്കുകയും ചെയ്തു. അനന്തരം മർദിതരായ ഇസ്റാഈല്യരെ തങ്ങളോടൊപ്പം വിട്ടയക്കണമെന്നും ആവശ്യപ്പെട്ടു. ഇക്കാര്യങ്ങൾ സന്ദർഭത്തിൽനിന്ന് സ്വയം വ്യക്തമാകുന്നതിനാൽ ഇവിടെ അനുക്തമാക്കിയിരിക്കുന്നു. ഈജിപ്തിന്റെ സർവാധിപതിയും അജയ്യ പരാക്രമിയുമായി വാഴുന്ന തന്റെ മുമ്പിൽ ഒരാൾ വന്ന് ദൈവിക ദൗത്യം പോലെ ഗൗരവപ്പെട്ട അവകാശവാദവും തന്റെ അടിമകളായ ഇസ്റാഈല്യരെയെല്ലാം സ്വതന്ത്രരാക്കണമെന്നതുപോലുള്ള ഗുരുതരമായ ആവശ്യവും, ഉന്നയിക്കുന്നതും ഫറവോനെ സംബന്ധിച്ചേടത്തോളം സങ്കൽപ്പിക്കാൻ പോലുമാവാത്ത കാര്യങ്ങളായിരുന്നു. ഈ അവകാശവാദവും ആവശ്യവുമായി വരുന്നത് തന്റെ അടിമകളായ ഇസ്റാഈലികളിലൊരുവനുമാവുക. അവനോ തന്റെ കൊട്ടാരത്തിലെ ഉപ്പും ചോറും തിന്നുവളർന്നവനുമായിരിക്കുക! ഫറവോൻ മൂസാ(അ)യെ പുഛിച്ചുകൊണ്ട് ചോദിക്കുകയാണ്: നിന്നെത്തന്നെയല്ലേ കുഞ്ഞായിരുന്നപ്പോൾ ഞങ്ങൾ സ്വന്തം വസതിയിൽ വളർത്തിയത്? നിന്റെ ആയുസ്സിൽ ഒരുപാട് കാലം നീ ഞങ്ങൾക്കിടയിൽ തിന്നുകൊഴുത്തുവാണില്ലേ? ഒടുവിൽ നീ ആ കൊടും പാതകവും ചെയ്തു- وَفَعَلْتَ فَعْلَتَكَ الَّتِي فَعَلْتَ ഒരു വട്ടം പ്രവർത്തിക്കുകയാണ് ഭാഷാർഥത്തിൽ فعلة . ഘോരകൃത്യം, കടുംകൈ എന്ന ആശയമാണ് ഈ പദപ്രയോഗത്തിലൂടെ ഇവിടെ ഉദ്ദേശിക്കുന്നത്. മൂസാ(അ)യുടെ കൈയബദ്ധത്താൽ ഒരു കോപ്റ്റിക് വംശജൻ മരിക്കാനിടയായ സംഭവത്തിലേക്കാണ് സൂചന. ഈ സംഭവം സൂറ *അൽ ഖസ്വസ്വി*ൽ വിശദമായി വരുന്നുണ്ട്. താൻ മൂലം ഒരു മരണം സംഭവിച്ചതിൽ മൂസാ(അ)ക്ക് വലിയ കുറ്റബോധമുണ്ടായി. അല്ലാഹുവിനോട് പേർത്തും പേർത്തും മാപ്പുതേടുകയും ചെയ്തു. അല്ലാഹു ആ അബദ്ധം പൂർണമായി പൊറുത്തുകൊടുത്ത് കുറ്റമുക്തമാക്കിക്കൊണ്ടാണ് അദ്ദേഹത്തെ പ്രവാചകനായി നിയോഗിക്കുന്നത്.

നന്ദികെട്ടവൻ എന്ന അർഥത്തിലാണ് ഇവിടെ كافر ഉപയോഗിച്ചിരിക്കുന്നത്. ശൈശവ ദശയിൽ അനാഥമായി പുഴയിലൊഴുകിയ നിന്നെ കണ്ടെടുത്ത് കൊട്ടാരത്തിൽ ഞങ്ങൾ രാജാക്കന്മാരൊടൊപ്പം വളർത്തി വലുതാക്കിയ നീ ഞങ്ങൾ ഖിബ്ത്വികളിൽപെട്ട ഒരാളെ നിഷ്കരുണം കൊന്നുവീഴ്ത്തിക്കൊണ്ട് ആ ഔദാര്യങ്ങൾക്കെല്ലാം കൊടിയ നന്ദികേട് തന്നെ പകരം തരുകയാണല്ലേ നീ ചെയ്തത് എന്നു സാരം. മൂസാ നബിയെ വളർത്തിയ ഫറവോനും അദ്ദേഹം പ്രബോധനം ചെയ്ത ഫറവോനും ഒരാളായിരുന്നില്ല. വളർത്തിയ ഫറവോന്റെ പേര് റാംസീസ് എന്നും റാംസീസിന്റെ മരണശേഷം അധികാരത്തിൽ വരുകയും മൂസാ (അ) പ്രബോധനം ചെയ്യുകയും ചെയ്ത ഫറവോന്റെ പേര് മൻഫത്ത എന്നുമായിരുന്നുവെന്ന് ചരിത്രകാരന്മാർ പറയുന്നു. ■

قَالَ فَعَلْتُهَا إِذًا وَأَنَا مِنَ الضَّالِّينَ ﴿٢٠﴾

20. മൂസാ ഫറവോനോട് പറഞ്ഞു: ആ പാതകം ഞാൻ ചെയ്തിട്ടുണ്ട്. പക്ഷേ, അന്നു ഞാൻ അജ്ഞാനിയായിരുന്നു.

فَفَرَرْتُ مِنْكُمْ لَمَّا خِفْتُكُمْ فَوَهَبَ لِي رَبِّي حُكْمًا وَجَعَلَنِي مِنَ الْمُرْسَلِينَ ﴿٢١﴾

21. തുടർന്ന് നിങ്ങളെ ഭയന്ന് ഞാൻ ഓടിപ്പോയി. പിന്നെ എന്റെ നാഥൻ എനിക്ക് ജ്ഞാനമരുളുകയും എന്നെ ദൈവദൂതന്മാരിലൊരുവനാക്കുകയും ചെയ്തിരിക്കുന്നു.

**20,21**

قَالَ = (മൂസാ ഫറവോനോട്) പറഞ്ഞു فَعَلْتُهَا = അത് (ആ പാതകം) ഞാൻ ചെയ്തിട്ടുണ്ട്
إِذًا = അപ്പോൾ (പക്ഷേ അന്ന്) وَأَنَا = ഞാനും مِنَ الضَّالِّينَ = പിഴച്ചവരിൽ പെട്ടവൻ (അജ്ഞാനിയായിരുന്നു)
فَفَرَرْتُ مِنْكُمْ = ഞാൻ നിങ്ങളിൽനിന്ന് ഓടിപ്പോയി لَمَّا خِفْتُكُمْ = ഞാൻ നിങ്ങളെ ഭയന്നപ്പോൾ
فَوَهَبَ لِي رَبِّي حُكْمًا = പിന്നെ എന്റെ നാഥൻ എനിക്ക് ജ്ഞാനമരുളി
وَجَعَلَنِي مِنَ الْمُرْسَلِينَ = അവൻ എന്നെ ദൈവദൂതന്മാരിൽ (ഒരുവൻ) ആക്കുകയും ചെയ്തു

ഫറവോന്റെ അധിക്ഷേപത്തിന് മൂസാ(അ)യിൽനിന്നുണ്ടായ പ്രതികരണമാണ് ഈ സൂക്തങ്ങൾ. ആദ്യം പ്രതികരിക്കുന്നത് കൊലപാതക ആരോപണത്തോടാണ്. മൂസാ നബി (അ) കുറ്റം നിസ്സങ്കോചം സമ്മതിച്ചു. ആ കുറ്റം ഞാൻ ചെയ്തിട്ടുണ്ട് എന്നതു ശരിയാണ്. പക്ഷേ മനഃപൂർവം ചെയ്തതല്ല. അന്നു ഞാനും നിങ്ങളെപ്പോ

ലെ അജ്ഞനായിരുന്നതു മൂലം, അല്ലെങ്കിൽ അബദ്ധവശാൽ ചെയ്തുപോയതാണ്. إِذًا وَأَنَا مِنَ الضَّالِّينَ എന്നാണ് മൂലവാക്യം. വഴിപിഴച്ചവൻ എന്നും വഴിയറിയാത്തവൻ (അജ്ഞൻ) എന്നും ضَال-ന് അർഥമുണ്ട്. ഖുർആൻ രണ്ടർഥത്തിലും ഇതുപയോഗിച്ചിട്ടുണ്ട്. സൂറ *അദ്ദുഹാ* യിൽ മുഹമ്മദ് നബിയെക്കുറിച്ച് وَوَجَدَكَ ضَالًّا فَهَدَىٰ (അവൻ-അല്ലാഹു-നിന്നെ വഴിയറിയാത്തവനായി കണ്ടു. അപ്പോൾ നേർവഴി കാണിച്ചുതന്നു-93:7) എന്നു പ്രസ്താവിച്ചിരിക്കുന്നു. പ്രവാചകനായി നിയോഗിക്കും മുമ്പുള്ള മൂസാ(അ)യുടെ അവസ്ഥയാണിതുകൊണ്ട് വിവക്ഷയെന്ന് കരുതപ്പെടുന്നു. പിഴച്ചവൻ എന്ന അർഥത്തിലെടുത്താലും അത് പ്രവാചകത്വലബ്ധിക്കു മുമ്പുള്ള അവസ്ഥയിൽ അബദ്ധത്തിൽ ചെയ്തതായിരുന്നു. ആ കുറ്റത്തിന് നിങ്ങൾ ശിക്ഷിക്കുമെന്ന് ഭയന്ന് ഞാൻ നാടുവിട്ട് ഓടിപ്പോയി എന്നതും ശരിയാണ്. ഈ ഒളിച്ചോട്ടം മൂസാ നബി സ്വയം തീരുമാനിച്ച് ചെയ്തതായിരുന്നില്ലെന്ന് സൂറ *അൽ ഖസ്വസ്വ്* 20-ാം സൂക്തം പറയുന്നുണ്ട്:

وَجَاءَ رَجُلٌ مِنْ أَقْصَى الْمَدِينَةِ يَسْعَىٰ قَالَ يَا مُوسَىٰ إِنَّ الْمَلَأَ يَأْتَمِرُونَ بِكَ لِيَقْتُلُوكَ فَاخْرُجْ إِنِّي لَكَ مِنَ النَّاصِحِينَ ﴿٢٠﴾

(നഗരപ്രാന്തത്തിൽനിന്ന് ഒരാൾ ഓടിവന്നു പറഞ്ഞു: ഓ, മൂസാ, നാട്ടുപ്രമാണിമാർ നിന്നെ കൊന്നുകളയാനാലോചിക്കുന്നുണ്ട്. വേഗം സ്ഥലം വിട്ടുകൊള്ളുക. ഞാൻ നിന്റെ ഗുണകാംക്ഷിയാകുന്നു-28:20).

പിന്നീട് അല്ലാഹു എനിക്ക് ജ്ഞാനമരുളി. എന്നെ ദൈവദൂതനായി നിശ്ചയിക്കുകയും ചെയ്തിരിക്കുന്നു. വിധി, വിധിക്കാനുള്ള അധികാരം, സത്യാസത്യങ്ങൾ വിവേചിക്കാനും കാര്യങ്ങളുടെ യാഥാർഥ്യം കണ്ടെത്താനുമുള്ള വൈഭവം തുടങ്ങിയ അർഥങ്ങളിലും അവയെല്ലാം ഉൾക്കൊള്ളുന്ന അന്തർജ്ഞാനത്തിനും حُكْم എന്നു പറയും. ഇവിടെ ഉപയോഗിച്ചിരിക്കുന്നതും ഒടുവിൽ പറഞ്ഞ വിശാലാർഥത്തിലാണെന്നും പ്രവാചകത്വത്തെയാണ് വിവക്ഷിക്കുന്നതെന്നും ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു.

വചനതാൽപര്യമിതാണ്: പണ്ട് ഞാനൊരു പാതകം ചെയ്തുവെന്നതു ശരിയാണ്. അതെന്റെ അറിവില്ലായ്മയാൽ സംഭവിച്ചതാണ്. എന്നാൽ ഇന്ന് നിങ്ങളുടെ മുന്നിൽ നിൽക്കുന്നത് അജ്ഞനും കുറ്റവാളിയുമായ മൂസാ അല്ല. എന്റെ കുറ്റം അല്ലാഹു പൊറുത്തിരിക്കുന്നു. അവൻ അറിവും വിവേകവും അരുളിയിരിക്കുന്നു. അവന്റെ ദൂതനായി എന്നെ നിയോഗിക്കുകയും ചെയ്തിരിക്കുന്നു. ദൈവദൂതനായ മൂസായാണ് ഇപ്പോൾ നിങ്ങളോട് സംസാരിക്കുന്നത്. അതുകൊണ്ട് നിങ്ങൾ എന്റെ ഭാഷണം കേൾക്കുകയും കൈക്കൊള്ളുകയും ചെയ്യണം. ■

---

وَتِلْكَ نِعْمَةٌ تَمُنُّهَا عَلَيَّ أَنْ عَبَّدْتَ بَنِي إِسْرَائِيلَ ﴿٢٢﴾

22. പിന്നെ, നീ എനിക്ക് ചെയ്തതായി ഘോഷിക്കുന്ന ആ ഔദാര്യമുണ്ടല്ലോ; ഇസ്റാഈൽ വംശത്തെ നീ അടിമകളാക്കിയിരിക്കുന്നു എന്നതാണ് അതിന്റെ യാഥാർഥ്യം.

**22**

وَتِلْكَ نِعْمَةٌ تَمُنُّهَا عَلَيَّ = നീ എനിക്ക് (ചെയ്തതായി) ഘോഷിക്കുന്ന ആ ഔദാര്യം (ഉണ്ടല്ലോ)

أَنْ عَبَّدْتَ = നീ അടിമകളാക്കിയിരിക്കുന്നു (എന്നതാകുന്നു അതിന്റെ യാഥാർഥ്യം)

بَنِي إِسْرَائِيلَ = ഇസ്റാഈൽ വംശത്തെ

ഫറവോന്റെ ഔദാര്യഘോഷണത്തിനുള്ള മറുപടിയാണ് തുടർന്നു പറയുന്നത്. നിങ്ങൾ ഘോഷിക്കുന്ന ഔദാര്യമുണ്ടല്ലോ; അതിന് അവസരം സൃഷ്ടിച്ചത് ഇസ്റാഈല്യരോട് നിങ്ങളനുവർത്തിച്ച ക്രൂരമർദനവും അക്രമവും തന്നെയാണ്. നിങ്ങൾ അവരെ അടിമകളാക്കി അടിച്ചമർത്തി. അവരുടെ ആൺ സന്തതികളെ കൊന്നുകൊണ്ടിരുന്നു. സ്ത്രീകളെ അപമാനിച്ചുകൊണ്ടിരുന്നു. ശൈശവനാളിൽ പുഴയിലൊഴുക്കപ്പെട്ടതുകൊണ്ടാണല്ലോ ഞാൻ നിങ്ങളുടെ വസതിയിൽ വളരാനിടയായത്. അങ്ങനെ ഒഴുക്കപ്പെട്ടിരുന്നില്ലെങ്കിൽ നിങ്ങൾ നിഷ്ഠുരമായി കൊന്നുകളഞ്ഞ ആയിരക്കണക്കിന് കുഞ്ഞുങ്ങളിൽ ഞാനും പെടുമായിരുന്നില്ലേ? ജനിച്ച വീട്ടിൽ മാതാവിന്റെ മടിത്തട്ടിൽ ജീവിക്കാൻ നിങ്ങളെന്നെ അനുവദിക്കുമായിരുന്നുവോ? ഇസ്റാഈല്യരിലെ നവജാതശിശുക്കളെ മുഴുവൻ കൊന്നൊടുക്കിക്കൊണ്ടിരുന്നപ്പോൾ അതിലൊരു കുട്ടിയെ കൊന്നില്ല എന്നതാണ് നിങ്ങൾ ഘോഷിക്കുന്ന ഔദാര്യം. ■